വകുപ്പ് ഡയറക്ടറുടെയും പേരിൽ പാലക്കാട് ജില്ലാ ട്രഷറിയിൽ തുടങ്ങിയിട്ടുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. എസ്.എസ്.പി. ഫണ്ടിനു പുറമെ മറ്റു തുകകളൊന്നും ലഭിച്ചിട്ടില്ല.

കുറവ സമുദായത്തെ പട്ടികജാതി ലിസ്റ്റിൽനിന്നും ഒഴിവാക്കുന്നതിന് ഉദ്ദേശ്യം

249 (4535) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവ സമുദായത്തെ പട്ടികജാതി ലിസ്റ്റിൽനിന്നും ഒഴിവാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; കുറവ സമുദായത്തിലെ കുട്ടികൾക്ക് കിർത്താഡ്സ് പോലുള്ള സ്ഥാപനങ്ങളിൽ നിന്നും നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടികജാതിയിൽ ഒരു കുട്ടി ഉൾപ്പെടുന്നുവെന്ന് നിശ്ചയിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് പറയാമോ;

(സി) നിലവിലെ സാഹചര്യത്തിൽ കുറവ സമുദായത്തിൽപ്പെട്ട കുട്ടികളെയും രക്ഷിതാക്കളെയും ഓഫീസിൽ വിളിച്ചുവരുത്തി അവരുടെ പാരമ്പര്യ തൊഴിലിനെ കുറിച്ചും മറ്റും ബുദ്ധിമുട്ടിക്കുന്ന ചോദ്യങ്ങൾ ചോദിക്കുന്നത് എന്തുകൊണ്ടാണെന്ന് പറയാമോ;

(ഡി) പട്ടികജാതിയിൽപ്പെട്ട മാതാപിതാക്കൾ കുലത്തൊഴിലല്ലാത്ത ജോലികൾ ചെയ്താൽ മക്കളെ പട്ടികജാതിയിൽ ഉൾപ്പെടുത്തരുതെന്ന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. കുറവ സമുദായത്തിലെ കുട്ടികൾക്ക് കിർത്താഡ്സ് പോലുള്ള സ്ഥാപനങ്ങളിൽ നിന്നും ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അയിത്താചരണത്തിന്റെ അനന്തര ഫലമായി ഉളവായിട്ടുള്ള അവശതകൾ കണക്കിലെടുത്താണ് ഒരു ജാതിയെ പട്ടികജാതി പട്ടികയിലുൾപ്പെടുത്തുന്നത്. ഒരു വ്യക്തി പട്ടികജാതിയിൽ ഉൾപ്പെടുന്നത് പ്രസ്തുത വ്യക്തി ടി സമുദായത്തിൽ ഉൾപ്പെടുന്നുവെന്ന ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ (ബന്ധപ്പെട്ട തഹസീൽദാർ) സമുദായ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ്. വ്യക്തിയേയും, കുടുംബത്തേയും സംബന്ധിച്ച പ്രാദേശികാന്വേഷണം നടത്തിയാണ് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നത്. സംശയമുള്ള കേസ്സുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

കിർത്താഡ്സ് മുഖേന നരവംശശാസ്ത്രപരമായ അന്വേഷണം നടത്തിയും ഇക്കാര്യം സ്ഥിരീകരിക്കുന്നു.

(സി) 1996 -ലെ കേരള (പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും) സമുദായ സാക്ഷ്യപത്രങ്ങൾ നൽകൽ ക്രമീകരണ നിയമ (1996-ലെ ആക്ട് 11) പ്രകാരമാണ് സമുദായ സാക്ഷ്യപത്രങ്ങൾ നൽകിവരുന്നത്. പ്രസ്തുത നിയമത്തിലെ സെക്ഷൻ 2 (g) യിൽ നിർവ്വചിക്കപ്പെട്ട വിദഗ്ധ ഏജൻസിയായ കിർത്താഡ്സിന് മേൽ നിയമത്തിലെ തന്നെ സെക്ഷൻ 14 പ്രകാരം സിവിൽ കോടതിയുടെ അധികാരമുണ്ട്. അതുപ്രകാരം നരവംശശാസ്ത്രപരമായ ജാതി നിർണ്ണയവുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ ഭാഗമായി ബന്ധപ്പെട്ടവരിൽനിന്നും വിവരശേഖരണം നടത്തുന്നുണ്ട്.

(ഡി) ഇല്ല.

എൻ.സി.വി.ടി. അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ഐ.ടി.ഐ.

250 (4536) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൻ.സി.വി.ടി (നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ്) അംഗീകാരത്തോടെ പ്രവർത്തിക്കുന്ന എത്ര ഐ.ടി.ഐ. കൾ ഉണ്ടെന്ന് പറയാമോ;

(ബി) പ്രസ്തുത ഐ.ടി.ഐ കളിൽ എൻ.സി.വി.ടി. മാനദണ്ഡങ്ങളനുസരിച്ചുള്ള ജീവനക്കാർ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ കുറവുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2015 മാർച്ച് മാസം പ്രസ്തുത സ്ഥാപനങ്ങളിൽ അഞ്ചു വർഷത്തിലൊരിക്കലുള്ള പരിശോധന എൻ.സി.വി.ടി. നടത്തുന്നതാണെന്ന കാര്യം അറിയുമോ;

(ഡി) എങ്കിൽ പട്ടികവിഭാഗം കുട്ടികൾക്ക് ഏറെ പ്രയോജനകരമായ പ്രസ്തുത ഐ.ടി.ഐ. കളുടെ അംഗീകാരം നിലനിർത്തുന്നതിന് എൻ.സി.വി.ടി. മാനദണ്ഡമനുസരിച്ചുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള 44 ഐ.ടി.ഐ. കളിൽ 41 എണ്ണം എൻ.സി.വി.ടി. അംഗീകാരത്തോടെ പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly